Website – www.keralapsc.gov.in E.Mail – kpsc.psc@kerala.gov.in
Telephone No:- 0491-2505398

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, പാലക്കാട്

റാങ്ക് പട്ടിക നമ്പർ : 236/18/DOP തീയ്യതി: 21.03.2018

കാറ്റഗറി നമ്പർ : 065/17

## വിജ്ഞാപനം

പാലക്കാട് ജില്ലയിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേക്ക്, 20000-45800/- രൂപ ശമ്പള നിരക്കിൽ, അട്ടപ്പാടി ബ്ലോക്കിലെ വനാന്തരങ്ങളിലേയും വനാതിർത്തിയിലേയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന Most Primitive Group ൽ ഉൾപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന (കാറ്റഗറി നമ്പർ 065/17) തെരഞ്ഞെടുപ്പിലേക്കായി 11.12.2017 മുതൽ 14.12.2017 വരെ തീയ്യതികളിൽ നടത്തിയ ശാരീരിക അളവെടുപ്പിലും കായികക്ഷമതാ പരീക്ഷയിലും യോഗ്യത നേടുകയും തുടർന്ന് 21.02.2018 മുതൽ 23.02.2018 വരെ തീയ്യതികളിൽ ബഹു: കമ്മീഷൻ നടത്തിയ അഭിമുഖത്തിൽ യോഗ്യരാണെന്ന് കണ്ടെത്തിയ ഉദ്യോഗാർത്ഥികളെ മാർക്ക് അടിസ്ഥാനത്തിൽ ക്രമപ്പെടുത്തിയ റാങ്ക് പട്ടിക 21.03.2018 തീയ്യതിമുതൽ പ്രാബല്യത്തിൽ വന്നിരിക്കുന്നു.

ഈ റാങ്ക് പട്ടിക പ്രാബല്യത്തിൽ വരുന്ന തീയ്യതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയ്യതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. പാലക്കാട് ജില്ലയിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയുടെ തെരഞ്ഞെടുപ്പിലേക്കായി ഇപ്പോൾ നിലവിലുള്ള ഒഴിവുകളിലേക്കും റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് അട്ടപ്പാടി ബ്ലോക്കിലെ വനാന്തരങ്ങളിലേയും വനാതിർത്തിയിലേയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്കും പ്രസ്തുത പട്ടികയിൽനിന്നും നിയമനം നടത്തുന്നതാണ്.

ഈ റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ നടത്തുന്നത് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലായതിനാൽ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം ലഭിക്കണമെന്നില്ല. റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുമ്പോൾ ഈ പട്ടികയിൽ അവശേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് അവർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടു എന്ന കാരണത്താൽ മാത്രം നിയമനത്തിന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

(ബഹു: കമ്മീഷന്റെ ഉത്തരവുപ്രകാരം)

ഷെയ്ക്ക് ഹുസൈൻ കെ.എം
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, പാലക്കാട്

വിതരണാനുമതി നൽകുന്നു

സെക്ഷൻ ഓഫീസർ

Bb/PVII